"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ തസ്തികയിലെ ചുമതല ക്രമീകരണം- ശ്രീമതി.സജിന സത്താർ-ന് അധികച്ചുമതലാ ബത്ത അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.417/2026/LSGD തിരുവനന്തപുരം, തീയതി:18-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.800/2024/തസ്വഭവ തീയതി: 07.05.2024
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2024-ലെ LSGD/PD/10975/2024-DEH4 നം.കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ ആയിരുന്ന ശ്രീമതി.അഞ്ജന.ജെ.ആർ അർഹതപ്പെട്ട അവധിയിൽ പ്രവേശിച്ചതിനെത്തുടർന്ന്, ടി തസ്തികയുടെ പൂർണ അധികചുമതല തിരുവനന്തപുരം ജില്ലാ വനിതാക്ഷേമ ഓഫീസർ ആയിരുന്ന ശ്രീമതി.സജിന സത്താർ-നു നൽകിക്കൊണ്ടുള്ള ദാരിദ്ര്യലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടറുടെ നടപടിക്ക് പരാമർശം (1) പ്രകാരം സാധൂകരണം നല്കിയിരുന്നു. അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ തസ്തികയുടെ അധികച്ചുമതല വഹിച്ച കാലയളവിലേക്ക് ശ്രീമതി.സജിന സത്താർ-ന് അധികച്ചുമതലാ ബത്ത അനുവദിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ വനിതാക്ഷേമ ഓഫീസർ ആയിരുന്ന ശ്രീമതി.സജിന സത്താർ ന് തിരുവനന്തപുരം ദാരിദ്ര്യലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ തസ്തികയുടെ പൂർണ്ണ അധികച്ചുമതല നിർവഹിച്ചതിന്, കെ എസ് ആർ ഭാഗം I, ചട്ടങ്ങൾ 53 (b) (2) [ as amended vide GO(P) No.88/2017 Fin dtd: 11.07.2017], 53 A II (b) (3), 53 (c) എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ, 01.02.2021 മുതൽ പരമാവധി മൂന്നു മാസക്കാലയളവിലേക്ക് പരിമിതപ്പെടുത്തി ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABITHA BAI A S

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.സജിന സത്താർ, മുൻ ജില്ലാ വനിതാക്ഷേമ ഓഫീസർ, തിരുവനന്തപുരം

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 18-02-2026 15:10:01
സെക്ഷൻ ഓഫീസർ